K17U 2585

Reg. No.: ...............................

Name : ...............................

I Semester B.Com./B.B.A./B.B.A.T.T.M./B.B.A.R.T.M./B.T.T.M./B.B.M. Degree (CBCSS-Reg./Supple./ Improve.) Examination, November 2017
COMMON COURSE IN MALAYALAM
1 A 07 1MAL : Sahithya Roopangal
(2016 Admn. Onwards)

Time : 3 Hours

Max. Marks : 40

I. 300 വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

1) ദുരന്ത നാടകത്തിന്റെ അച്ചിൽ വാർത്തെടുത്ത നാടകശില്പമാണ് 'ആ മനുഷ്യൻ നീ തന്നെ' – സമർത്ഥിക്കുക.

2) വിവർത്തനത്തെക്കുറിച്ചുള്ള വിവിധ നിർവചനങ്ങൾ എഴുതി വിശകലനം ചെയ്യുക.

3) അസാധാരണമായ പ്രണയകഥയാണ് 'പ്രേമലേഖനം' – ശരിയോ ? വിവരിക്കുക.

4) 'നൈൽ ഡയറി'യിലെ ആഖ്യാനത്തെ ആകർഷകമാക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണ് ? വിവരിക്കുക.

(2×7=14)

II. 150 വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക.

5) 'ഉപന്യാസം' എന്ന പദത്തിന് എന്തെല്ലാം അർത്ഥവിവക്ഷകൾ ഉണ്ട് ? വിശദമാക്കുക.

6) 'ഏറെപ്പൊന്മുള പാടത്തോ, കുളിർ കോരിയ കോമനു മാറത്തോ' – സന്ദർഭം വിശദീകരിക്കുക.

7) 'ക്രൂരഗൈരിക ഗൗരവം കാര്യം വീരമാനുഷ മൂഷിക വർഗ്ഗം' ആ മനുഷ്യരുടെ പ്രത്യേകതയെന്ത് ?

8) 'തങ്കം, പിന്നെ ഇതുവരെ ആ മധുര മനോഹര ന്യൂസ് എന്നോട് പറയാതിരുന്നതെന്താണ് ?' ആരുടെ വാക്കുകൾ ? വിവക്ഷിതം വ്യക്തമാക്കുക.

9) 'ഒരു പ്രകാശ പ്രസരത്തിനും അടുത്തതിനുമിടയ്ക്ക് അസാധാരണമായ ഒരു അന്ധകാര ശൂന്യത ഉണ്ടായിരിക്കും'– ആരാണിങ്ങനെ പറയുന്നത് ? പറയാൻ കാരണമെന്ത് ?

10) പ്രാചീന കാലത്ത് അറബികൾ വിവർത്തനത്തിന് നൽകിയ പ്രാധാന്യം വിവരിക്കുക.

(4×3=12)

P.T.O.

K17U 2585

III. **100** വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക.

11) 'സൈലന്റ് വാലി' എന്ന കവിതയുടെ പ്രാധാന്യം വിശദീകരിക്കുക.

12) 'പുനർവിവർത്തനം ചെയ്യുമ്പോൾ മൂലപാഠം ലഭ്യമാകുന്ന തരത്തിലുള്ള വിവർത്തനമാണ് ഉത്തമം' വിശദീകരിക്കുക.

13) കാളിദാസകൃതികൾക്ക് മലയാളത്തിലുണ്ടായ പ്രധാന വിവർത്തനങ്ങളെ പരിചയപ്പെടുത്തുക.

14) 'ഈയൊരി ജീവിതം എനിക്ക് മടുത്തു. സത്യം പറഞ്ഞാൽ ചിലപ്പോൾ എനിക്ക് എന്തെല്ലാം തോന്നുന്നുണ്ടെന്നറിയാമോ' – ആരുടെ വാക്കുകൾ ? വിവക്ഷിതം വ്യക്തമാക്കുക.

15) 'പി' എന്ന കവിതയുടെ ഉള്ളടക്കം വിശദീകരിക്കുക.

16) 'കണ്ണുള്ളത് തുറക്കാൻ മാത്രമല്ല. അടയ്ക്കാൻ കൂടിയാണ്' സന്ദർഭവുമായി ബന്ധപ്പെടുത്തി വിവക്ഷിതം വ്യക്തമാക്കുക. **(4×2=8)**

IV. ഒറ്റ വാക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറ്** ചോദ്യത്തിന് ഉത്തരമെഴുതുക.

17) 'നീല വെളിച്ചം' ആരുടെ കൃതിയാണ് ?

18) 'ഞങ്ങൾ ജീവന്റെ കക്ഷിക്കാരാണ്' ആരുടെ വാക്കുകൾ ?

19) 'പണിമുടക്കം' എന്ന കവിത എഴുതിയതാര് ?

20) 'പദ്യവിവർത്തനം എന്റെ അഭിപ്രായത്തിൽ അസംബന്ധവും അസംഭാവ്യവുമാണ്' എന്നു പറഞ്ഞതാര് ?

21) 'വിട' എന്ന കവിതാസമാഹാരത്തിന്റെ കർത്താവാര് ?

22) 'ഉയരുന്ന യവനിക' ആരുടെ കൃതിയാണ് ?

23) കൗടില്യന്റെ അർത്ഥശാസ്ത്രത്തിന് മലയാളത്തിലുണ്ടായ വിവർത്തനത്തിന്റെ പേരെന്ത് ?

24) 'കൂട്ടുകൃഷി' ഏത് സാഹിത്യരൂപത്തിൽ ഉൾപ്പെടുന്ന കൃതിയാണ് ? **(6×1=6)**

---